




# ലിറ്റിൽ കൈറ്റ്സ്
# ഡിജിറ്റൽ മാഗസിൻ 2024




# OUR PATRON



# OUR FOUNDER



# ആശംസകൾ.......





മാനേജർ ഫാ. ബിബിൻ ജോസ്



ഹെഡ്മിസ്ട്രസ് ഷൈനി തോമസ്


കൈറ്റ് മിസ്ട്രസുമാർ





റീനമോൾ എം സി

സിനി മാത്യു വി എം



# പെയ്യാത്ത മേഘം

ലിൻസി എം സി (അധ്യാപിക)

കറുത്തിരുണ്ട്
രാവും പകലും പുക നിറച്ച് ...
വേര് നഷ്ടപ്പെട്ട മരം പോലെ ഒരു രാജ്യമുണ്ട്..
എന്റെ കുഞ്ഞിപ്പോൾ അവിടെയാണ്..
എനിക്കെങ്ങനെ ഉറങ്ങാൻ കഴിയും..?
നാടു ജീവനിൽ നിന്ന് അറ്റുപോയതറിയാതെ എന്റെ
കുഞ്ഞ്...
പാലസ്തീൻ...
നിന്റെ മുറിവിൽ പുരട്ടുവാൻ ഒന്നുമറിയാത്ത എന്റെ
കുഞ്ഞുങ്ങളുടെ ഇളം ചോര മാത്രം മതി..
കാലങ്ങളുടെ പഴക്കം ചെന്ന പക...
ഒലീവ് ചില്ല വീഴാതെ കയ്യിൽ
മുറുകെപ്പിടിച്ച രാജാവ്
എവിടെയാ ണ്..?
വിശന്ന്



വെള്ളം കിട്ടാതെ,
എന്റെ കുഞ്ഞ്
അതിർ ത്തി
കടന്നോ
ന്നറിയില്ല ..
അതിർവരമ്പു കടക്കും
മുൻപേ വീണു പോയോന്നും....
കണ്ണടച്ച് കിടക്കുന്ന ഓമനകൾക്കിടയിൽ
കണ്ണു മരവിച്ചു നിന്നെ തിരയുന്നില്ല ഞാൻ..
ഒലീവ് മരത്തിന്റെ താഴ്‌വാരത്തിപ്പോഴും
മേഘം കറുത്തിരുണ്ട്
പെയ്യാതെ നിൽപ്പുണ്ട്..
*മഹ്മൂദ് ദർവീഷ്..തൊണ്ട പൊട്ടിയിനിയും പാടൂ..
പിറന്ന നാടിനെ വീണ്ടെടുക്കാൻ..
പകയിരുണ്ട മനസ്സിനെ പെയ്തിറക്കുവാൻ...

സമർപ്പണം: ആൻ ഫ്രാങ്ക് എന്ന ജൂത പെൺകുട്ടിക്ക്.

(*മഹ്മൂദ് ദർവീഷ്-പ്രശസ്ത പാലസ്തീൻ കവി)



# ഒരു കാത്തിരിപ്പിന്റെ ഓർമ്മക്ക്

ഗ്രീഷ്മ മാസത്തിൻ സായന്തനത്തിൽ ,
വെണ്ണിലാവിൻ വരവും കാത്ത്
കുന്നിൻ ചെരിവിലൂടെ നടക്കവേ
കാണുന്നു



മഞ്ഞണിഞ്ഞ മലകൾതൻ
വിരിമാറിൽ പതിക്കുന്ന
അരുണ കിരണങ്ങൾ..
ഒരു യാത്രാമൊഴിയായ്.....

ഹാ!

എത്ര മനോജ്ഞമീ സായന്തനം
തൂമഞ്ഞണിഞ്ഞ മലകളിൽ,
നിൻ മിഴിപ്പൊട്ടുകൾ തിളങ്ങിടുന്നൂ.

എന്നിലലിയുന്നകാറ്റിൽ അറിയുന്നു
വെണ്ണിലാവേ നിൻ ഭാവഗീതം
നിൽപു ഞാൻ നിന്നെയും കാത്ത്
ഈ വഴിത്താരയിൽ....
ഏകനായ്..

അവിനാശ് എസ് എസ്
9 E




# പുഞ്ചിരി

ദുഖങ്ങളെ മറച്ചു
എന്നുള്ളിലേക്ക് കടന്നുവരും
നിൻ പുഞ്ചിരി
ആ പുഞ്ചിരി കാണാൻ എത്ര
സുന്ദരം......


ആയിഷ ലിയ
9E




# ചിത്രശലഭം



വർണങ്ങൾ  ചാലിച്ച ചിറകുകൾ
കൊണ്ട് പറന്നകലുന്ന ചിത്രശലഭമേ......
നിന്നെ കാണാൻ എന്താരഴക്
നിന്നെ ഒന്ന് സ്പർശിക്കാൻ കൊതിച്ചു
പോകും അത്രസുന്ദരിയാണ് നീ.
അതിരുകളോ അകലങ്ങളോ ഇല്ലാതെ
പറന്നു നടക്കുന്ന നിന്നെ കാണുമ്പോൾ
സ്വാതന്ത്ര്യം എന്തെന്ന് ഞാൻ അറിയുന്നു.



ശ്രാവണ ലതീഷ്
9E



# മിഴികൾ



എന്തിനോ വേണ്ടി തുടിക്കുന്ന
നിൻ മിഴികളിൽ
എന്തൊക്കെയോ ഞാൻ കാണുന്നു....
ആ മിഴികളിലെ സുന്ദരമാം പ്രണയം
എന്നെ മാടിവിളിക്കുന്നു....

ജുവൽ മരിയ
9E



# യാത്ര

മഞ്ഞ് മൂടിയ
മലനിരകളും മഴപെയ്ത്
ഒഴിഞ്ഞ മഴക്കാടുകളും
എന്നും കണ്ണിന്
കുളിർമയായ
കാഴ്ച
കൾ
തന്നെ
ആണ് .
ഓരോ
യാത്ര
യും
ഒരുപാ
ട്
പുതി
യ കാഴ്ചകളും
അനുഭവങ്ങളും ആണ്
ഓരോ വ ട്ടവും നമുക്ക്
സമ്മാനിക്കുന്നത് .
പ്രകൃതിയെ
തൊട്ടറിഞ്ഞ് ഒരു
വിനോദയാത്ര.
ക്രിസ്തുമസ്
അവധിക്കായാണ്
ഞങ്ങൾ യാത്ര
പോകാൻ തീരു-
മാനിച്ചത്.

ഈ യാത്രയിൽ ഞാനും



എൻ്റെ ഉപ്പയും ഉമ്മയും
സഹോദരങ്ങളുമാണു
ണ്ടായിരുന്നത്.
വയനാട്ടിലേക്കാണ്
ഞങ്ങൾ പോയിരുന്നത്.
മഞ്ഞുമൂടി
കിടക്കുന്ന
താമരശ്ശേരി
ചുരം
വളരെ
മനോഹരമ
ായിരുന്നു.
അവധി
ദിവസമായ
തിതാൽ
നല്ല ട്രാഫിക്ക് കുരുക്കും
ഉണ്ടായിരുന്നു.
എന്നാലും
കുരങ്ങൻമാർക്ക്
ഭക്ഷണം കൊടുത്തും
ചുരം ആസ്വദിച്ചും
ഞങ്ങൾ യാത്ര
തുടർന്നു. എനിക്കും
സഹോദരനും വിശപ്പി
ന്റെഅസുഖം ഉള്ളത്
കൊണ്ട് ഇടയ്ക്ക് വണ്ടി
നർത്തി അവരെ
ബുദ്ധിമുടിച്ചു
കൊണ്ടിരുന്നു. പിന്നെ



കുറേ നയന മനോഹരമായ പ്രകൃതിഭംഗി ഫോട്ടോയിൽ പകർത്തി.



ബാണാസുര സാഗർ അണക്കെട്ടും, ഇടയ്ക്കൽ ഗുഹയും അവിടുത്തെ നവീനശിലായുഗ അവശേഷിപ്പുകളെല്ലാം വളരെ കൗതുകമുണർത്തുന്നതായിരുന്നു. അതിനു ശേഷം കുറുവാ ദീപും ഞങ്ങൾ സന്ദർശിച്ചു. അവിടെ നിന്നും കുറേ ഫോട്ടോകൾ പകർത്തി. തേയിലയും മറ്റ് സാധനങ്ങളും വാങ്ങി, രാത്രിയോടെ ഞങ്ങൾ വീട്ടിലേക്ക് യാത്ര തുടർന്നു. പോരുന്ന വഴിക്ക് ഭക്ഷണം കഴിച്ച്, രാത്രി 12 മണിയോട് കൂടി ഞങ്ങൾ വീട്ടിൽ തിരിച്ചെത്തി.

അക്കിഫ് മുഹമ്മദ്
9 G






കൂടത്തായി സെൻറ് മേരിസ് ഹയർ സെക്കൻഡറി സ്കൂളിന്റെ വാർഷികവും യാത്രയയപ്പ് സമ്മേളനവും ഗോപിനാഥ് മുതുകാട് ഉദ്ഘാടനം ചെയ്യുന്നു




വായനയിലൂടെ സത്യത്തെ അടുത്തറിയാനും അറിവ് സമ്പാദിക്കാനും പുതുതലമുറ ശ്രമിക്കണമെന്ന് മജീഷ്യനും സാമൂഹിക പ്രവർത്തകനുമായ ഗോപിനാഥ് മുതുകാട്. ലോകത്ത് കാണേണ്ടതായ കാഴ്ചകളുടെ വിശാലമായ തലങ്ങളാണ് വായനയിലൂടെ നമുക്ക് അനുഭവവേദ്യമാകുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കൂടത്തായി സെൻറ്മേരിസ് ഹയർ സെക്കൻഡറി സ്കൂളിന്റെ വാർഷികവും വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പ് സമ്മേളനവുംഉദ്ഘാടനം ചെയ്യുകയായിരുന്നു ശ്രീ.മുതുകാട്.

കോഴിക്കോട് സെന്റ് തോമസ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ ഫാദർ ഡോ. ബിജു ജോൺ വെള്ളക്കട അധ്യക്ഷനായി. സ്കൂൾ മാനേജർ ഫാദർ ബിബിൻ ജോസ് മുഖ്യ പ്രഭാഷണം നടത്തി. ഓമശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി കെ ഗംഗാധരൻ ജില്ലാ പഞ്ചായത്തംഗം നാസർ എസ്റ്റേറ്റ് മുക്ക്, പിടിഎ പ്രസിഡണ്ട് കെ മുജീബ്, ഓമശ്ശേരി പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കരുണൻ, കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ടി മെഹറൂഫ്, വാർഡ് മെമ്പർ ശ്രീജ ബാബു, സ്റ്റാഫ് സെക്രട്ടറി വിസുധേഷ്,സ്കൂൾ പി.ആർ.ഒ ജോസ് തുരുത്തിമറ്റം,കൊടുവള്ളി ബിപിഒ മെഹറലി, തോമസ് അഗസ്റ്റിൻ,റെജി ജെ കരോട്ട്, സ്കൂൾ ലീഡർ ആന്മയി സൂര്യ രാഘവ് എന്നിവർ പ്രസംഗിച്ചു. സർവീസിൽ നിന്നും വിരമിക്കുന്ന ഹെഡ്മിസ്ട്രസ് ഷൈനി തോമസ് അധ്യാപികമാരായ സൈന സൈമൺ, ജോളി ജോസഫ്, ലിസി ജോർജ്എന്നിവർ മറുപടി പ്രസംഗം നടത്തി.തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികൾ നടന്നു.





സെന്റ്. മേരീസ് ഹയർ സെക്കന്ററി സ്കൂളിൽ ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന ഗൗരി. ബി എന്ന വിദ്യാർത്ഥിനി എഴുതിയ 58 ഓളം കവിതകൾ ഉൾക്കൊള്ളുന്ന കവിതാസമാഹാരം സ്കൂൾ വാർഷികാഘോഷ ചടങ്ങിൽ വെച്ച് ഗോപിനാഥ് മുതുകാട് പ്രകാശനം ചെയ്തു.



ഗൗരി ബി

## കറുപ്പ്

ചിന്തകൾക്കായി ഞാൻ
ഇനിയും മനസിനെ മാറ്റി വയ്ക്കാം
ഓർമകളാൽ നീയവയെ
തൊടില്ലെന്നുറപ്പു തന്നാൽ...
ഇഷ്ടമില്ലെന്ന വാക്കിൽ
നീ ഒടിച്ചു കളഞ്ഞ
സ്വപ്നങ്ങൾക്കെന്നും
കറുപ്പു നിറമായിരുന്നു






# സൗഹൃദം

സൗഹൃദച്ചെപ്പു തുറക്കുമ്പോൾ
നീയെനിക്കു സമ്മാനിച്ച
ചെമ്പനീർ പൂവിൻ ഗന്ധമെന്നെ
സ്നേഹാർദ്രമായി തഴുകുന്നു.........
നശ്വരമായിമലരുണങ്ങാൻ
പൂമണവും മാറാം.......
നിമിഷങ്ങളിൽ ഇതൾ
കൊഴിയുന്ന ജീവിതത്തിൽ
പവിത്രമാം ഹൃദയബന്ധത്താൽ
നമ്മളിൽ തളിർത്ത
വസന്താരാമത്തിൽ
വാസനപ്പൂക്കൾ

**നാജിമോൾ കെ കെ**
**9G**



# മണൽതരി


മണൽത്തരിയോളം പോന്നൊരു
മത്സ്യം
കടൽത്തരിയോട്
ഒറ്റയ്ക്ക് പൊരുതി നിന്നു
വെയിലേറ്റങ്ങളുടെ
വൈകുന്നേരങ്ങളിൽ
അവൻ
എല്ലാകൊടികൾക്കും മുകളിൽ
ഒഴുക്കുകൾ ഉൾവലിയുമ്പോൾ
എല്ലാ രഹസ്യങ്ങൾക്കും അടിയിൽ
വലകണ്ണികൾക്ക്
അവനോളം ചെറുതാകാനായില്ല
ചൂണ്ടക്കൊളുത്തുകൾക്ക്
അവനെപ്പോലെ വളയാനും
വായ്ലലകൾക്ക്





അവന്റെ വേഗവും കിട്ടിയില്ല
അവനെ
പരുന്തിൻ കണ്ണുകൾക്ക്
കോർത്തെടുക്കാനോ
ഉപ്പുവയലുകൾക്ക്
ഉണക്കിയെടുക്കാനോ
ധ്രുവങ്ങൾക്ക്
മരവിപ്പിക്കാനോ കഴിഞ്ഞില്ല
നക്ഷത്രങ്ങളും
അവതാരങ്ങളും
അവന്റെ
തലയ്ക്കോ വാലിനോ മുകളിലൂടെ
കടന്നുപോയി
അവൻ
ഒരു കഥയിലും പിടികൊടുത്തില്ല
ഒരു കണ്ണാടിയിലും കാഴ്ചയായില്ല
ഒരു ചന്തയിലും നാണം കെട്ടില്ല

അബ്ദുൾ ഫത്താഹ് 9 A



# ജീവഗാനം

പാലോളി പൂനിലാ ചോലയിലെൻ ജീവരാഗ വിപഞ്ചിക
പാടി ...
നീല നിശീഥിനിയിലെൻ സ്നേഹ ഗായകൻ തേടി
അലയുന്ന തീരം.
നീയാണിതെന്നാത്മഹർഷങ്ങളാണെന്റെ രാഗവും
താളവുമെല്ലാം
നിന്നിലലിഞ്ഞലിഞ്ഞില്ലാതെയാകുവാൻ
ഈ പാട്ടുകാരൻ കൊതിപ്പൂ..
എൻ അന്തരാത്മാവിലോ മലേ നീരചിച്ചായിരം തങ്ക
കിനാക്കൾ :
നിൻ മൃദു മെയ്യിലെ ചുടു കിതപ്പും വിയർപ്പിന്റെ
ഗന്ധവുമെല്ലാം
ഓർമ്മതൻ നീലക്കയങ്ങളിലായിരം കല്ലോലമാലകൾ
ചാർത്തി. :
ഈ കാടു തോറും കരിമ്പാറയും , നിശാഗന്ധി പുണരുന്ന
രാവും .ഓർമ്മ തൻ നീല ക്കയങ്ങളിലായിരം
കല്ലോലമാലകൾ ചാർത്തി ....
ഏതോ ഒരു യുഗ സന്ധ്യയിലെൻ
ജീവരാഗമെരിഞ്ഞടങ്ങുമ്പോൾ
ഈ മലങ്കാടും പുഴയുമീ തീരവും എന്നെയോർത്തിങ്ങനെ
പാടും.....
പണ്ടൊരു ഗായകൻ ഈ മലനാടിന്റെ മാറിലലഞ്ഞു
നടന്നു.
പിന്നെയാ തോഴനെ കണ്ടില്ലൊരിക്കലും ഈ
പുഴത്തീരവും കാറ്റും.
എല്ലാ മകന്നു പോയ് ഓർമ്മകൾ, ഓളങ്ങളായ് എന്നു
മിന്നുമെൻ ഓർമ്മയായ് മാത്രം ........

ഡാൻറി ജോർജ് (അധ്യാപിക)



# ഗൗരിയുടെ കവിതകൾ

## സഖി

ഇനിയില്ല സഖാവേ
നമുക്കൊരു പുനർജന്മം
തളിരിട്ട വസന്തമെന്നോ
അടർന്നുപോയി
നാമെന്ന വീഥിയിൽ പറന്ന
വാക്കുകളത്രയും
പൂവിതളുകളാക്കി
കാലം തെറ്റി ചിതറികിടക്കുന്നു

## പൂവ്

പുഞ്ചിരിക്കുന്ന പൂവെങ്കിലും
എൻ മനമിതാ തേങ്ങുന്നു
എന്നു
കൊഴിയുമെന്നറിഞ്ഞിടാതെ
എന്ന് ഇറുകപ്പെടുമെന്ന്
അറിഞ്ഞിടാതെ

## പുതിയൊരു വസന്തമേ

വറ്റി വരണ്ടു പോയ നിൻ ചില്ലകളിൽ

നിത്യം ജലം പകരാം ഞാൻ

ഇനിയും പൂക്കുമോ വസന്തമേ

നിൻ അനുപമ സ്നേഹം

എന്നിൽ ചൊരിയുമോ നീ



# വർണ്ണശലഭം

നീ കണ്ണിൽ വിരൂപമായിരുന്നാലും
ഹൃദയത്തിൽ നീ വർണ്ണശലഭമാണ്
സ്നേഹത്തിൻ പൂന്തോട്ടത്തിൽ
ആഴ്ന്നിറങ്ങുമീ ശലഭത്തെ
കാത്തിരിപ്പിതാ എൻ കണ്ണുകൾ

-എയ്ഞ്ചൽ മരിയ പോൾ



ലിറ്റിൽ കൈറ്റ്സ് 2022-2025 ബാച്ച്



ലിറ്റിൽ കൈറ്റ്സ് 2023-2026 ബാച്ച്




# എഡിറ്റോറിയൽ ബോർഡ്



## അംഗങ്ങൾ

വൈഗ എം. വി
തമീം അലി
അവിനാശ്
മുഹമ്മദ് യാസീൻ
അബ്ദുൽ ഫത്താഹ്
വൈഷ്ണ രാജ്
മുഹമ്മദ് മിൻഹാൽ എൻ കെ
ദേവി നന്ദന
ഷിഫാന സിയ
രസ്ന ഫെബിൻ
ആമിന റഷ
ആയിഷ നജ
ജുവൽ മരിയ
നേത്ര ദിൽഷാദ്
അക്കിഫ് മുഹമ്മദ്
ഹാദി ഫർസീൻ
മുഹമ്മദ് ഷഹം
റസ്‌വിൻ അഹമ്മദ് ബിലാൽ
ആയിഷ ലിയ
നാജിമോൾ